പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1582 01-11-2019-ലെ മറുപടിയ്ക്ക്

**കർഷകർക്കുണ്ടായ നഷ്ടപരിഹാരം അനുവദിച്ച് നൽകുന്നത്**

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.കെ. ദാസൻ** | | **ശ്രീ.വി.എസ്. സുനിൽ കുമാർ (കൃഷി വകുപ്പ് മന്ത്രി)** | |
| (എ) | കോഴിക്കോട് ജില്ലയിലെ കൊയിലാണ്ടി, പേരാമ്പ്ര നിയോജക മണ്ഡലങ്ങളിലായി വ്യാപിച്ചു കിടക്കുന്ന വെളിയന്നൂർ ചല്ലിയിലെ കർഷകർക്കുണ്ടായ നഷ്ടപരിഹാരം അനുവദിച്ച് നൽകാൻ സർക്കാർ ഉത്തരവായിരിക്കുന്ന സാഹചര്യത്തിൽ പ്രസ്തുത നഷ്ടപരിഹാര തുക കർഷകരുടെ കൂട്ടായ്മയായ പാടശേഖര സമിതിക്ക് കൈമാറിക്കഴിഞ്ഞിട്ടുണ്ടോയെന്ന് അറിയിക്കുമോ; | (എ) | പാടശേഖരസമിതിക്ക് കൈമാറുന്നതിനായി നടപടിക്രമങ്ങൾ പൂർത്തീകരിച്ചിട്ടുണ്ട്. നഷ്ടപരിഹാരത്തുക ഉടനെ തന്നെ പാടശേഖര സമിതിയുടെ അക്കൗണ്ടിലേക്ക് കൈമാറുന്നതാണ്. |
| (ബി) | നഷ്ടപരിഹാരത്തുക കർഷക ഗ്രൂപ്പുകൾക്ക് കൈമാറാൻ മറ്റെന്തെങ്കിലും തടസ്സം നിലവിലുണ്ടോ; വിശദമാക്കാമോ; | (ബി) & (സി) | ഡയറക്ടർ പാസാക്കുന്ന തുക നിലവിൽ കൈമാറുന്നത് വ്യക്തിഗത കർഷകരുടെ അക്കൗണ്ടിലേക്കാണ്. എന്നാൽ വെളിയന്നൂർ ചല്ലിയുടെ വിഷയത്തിൽ നഷ്ടപരിഹാരത്തുക പാടശേഖര സമിതിക്ക് വിതരണം ചെയ്യുന്നതിനായി സർക്കാർ പ്രത്യേക കേസായി പരിഗണിച്ചാണ് ഉത്തരവ് നൽകിയിട്ടുള്ളത്. |
| (സി) | നഷ്ടപരിഹാരത്തുക വിതരണം ചെയ്യുന്നതിനായി ഇതുവരെ സ്വീകരിച്ച നടപടിക്രമങ്ങൾ വിശദമാക്കാമോ ? | | |

Sreelatha

**സെക്ഷൻ ഓഫീസർ**